# പതിനാലാം കേരള നിയമസഭ

## പതിനാറാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 3837** **11.11.2019-ൽ മറുപടിക്ക്**

## പബ്ലിക് ഹെൽത്ത് കേഡർ

| ചോദ്യം | മറുപടി |
|---|---|
| **ശ്രീ. സി. മമ്മൂട്ടി** | **ശ്രീമതി.കെ.കെ.ശൈലജ ടീച്ചർ**<br>(ആരോഗ്യവും സാമൂഹ്യ നീതിയും വനിതാ-ശിശു വികസനവും വകുപ്പ് മന്ത്രി) |
| (എ) സംസ്ഥാനത്ത് ആരോഗ്യ വകുപ്പിൽ പബ്ലിക് ഹെൽത്ത് കേഡർ രൂപീകരിച്ച് ഉത്തരവ് പുറപ്പെടുവിച്ച സാഹചര്യത്തിൽ പ്രസ്തുത കേഡറിന്റെ രൂപീകരണവുമായി ബന്ധപ്പെട്ട് നാളിതുവരെ സ്വീകരിച്ച നടപടി ക്രമങ്ങൾ എന്തെല്ലാമെന്ന് വിശദീകരിക്കുമോ; | (എ) കാലാവസ്ഥ ജന്യരോഗങ്ങളും പകർച്ച വ്യാധികളും ജീവിത ശൈലീ രോഗങ്ങളും വർദ്ധിച്ച വരുന്ന സാഹചര്യത്തിൽ പൊതുജനാരോഗ്യ സംവിധാനം മെച്ചപ്പെടുത്തുന്നതിന്റെ ഭാഗമായി ആരോഗ്യ വകുപ്പിൽ പൊതുജനാരോഗ്യ വിഭാഗം (പബ്ലിക് ഹെൽത്ത് കേഡർ) എന്ന പുതിയ വിഭാഗം ഉൾക്കൊള്ളിച്ചുകൊണ്ട് ഉത്തരവായിട്ടുണ്ട്. ആരോഗ്യ വകുപ്പിലെ മെഡിക്കൽ ഓഫീസർമാരുടെ അഡ്മിനിസ്ട്രേറ്റീവ് കേഡറിനെ മെഡിക്കൽ സർവ്വീസസ് കേഡർ, പൊതുജനാരോഗ്യ കേഡർ എന്നിങ്ങനെ വിഭജിച്ചുകൊണ്ടാണ് ഇത്തരത്തിൽ കേഡറുകൾ രൂപീകൃതമായത്. മെഡിക്കൽ ഓഫീസർമാർക്ക് ഇപ്പോൾ നിലവിലുള്ള വിശേഷാൽ ചട്ടങ്ങളിൽ ഇതിനനുസൃതമായി ഭേദഗതികൾ വരുത്തുന്നതിനുള്ള നടപടികൾ നടന്നുവരുന്നു. ആശുപത്രികളുടെ |

| | | | |
|---|---|---|---|
| | | | ഭരണപരമായ കാര്യങ്ങളുടെ ഒപ്പം പൊതുജനാരോഗ്യ പരിപാടികളും നടത്തിക്കൊണ്ട് പോകേണ്ടതിന്റെ പ്രായോഗിക ബുദ്ധിമുട്ട് കണക്കിലെടുത്തുകൊണ്ടും സംസ്ഥാനത്ത് അടിക്കടി ഉണ്ടാകുന്ന പകർച്ചവ്യാധികളിന്മേൽ നിയന്ത്രണം വരുത്തേണ്ട നടപടികളുടെ ഗൗരവവും ആവശ്യകതയും കണക്കിലെടുത്തു കൊണ്ടുമാണ് നിലവിലുള്ള കേഡറിനെ വിഭജിക്കുന്നതിനുള്ള ശിപാർശ വിഭാവനം ചെയ്തിരിക്കുന്നത്. |
| (ബി) | ഇതുമായി ബന്ധപ്പെട്ട് ഇറക്കിയ ഉത്തരവുകളുടെ പകർപ്പ് ലഭ്യമാക്കാമോ? | (ബി) | അനുബന്ധമായി ചേർത്തിരിക്കുന്നു. |

സെക്ഷൻ ഓഫീസർ

ആരോ.ആ.സം

**കേരള സർക്കാർ**

**സംഗ്രഹം**

ആരോഗ്യ കുടുംബക്ഷേമ വകുപ്പ് - ഹെൽത്ത് സർവ്വീസസ് - ആരോഗ്യ വകുപ്പിൽ പൊതുജനാരോഗ്യ വിഭാഗം (പബ്ലിക് ഹെൽത്ത് കേഡർ) രൂപീകരിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

**ആരോഗ്യ കുടുംബക്ഷേമ (എ) വകുപ്പ്**

സ.ഉ (കൈ) നം. 71/2019/ആ.കു.വ തീയതി, തിരുവനന്തപുരം, 30/05/2019

പരാമർശം : ഇല്ല

**<u>ഉത്തരവ്</u>**

സംസ്ഥാനത്ത് കാലാവസ്ഥാജന്യ രോഗങ്ങളും, പകർച്ച വ്യാധികളും ജീവിതശൈലീ രോഗങ്ങളും വർദ്ധിച്ച വരുന്ന സാഹചര്യത്തിൽ, ഇവയെ നിയന്ത്രണ വിധേയമാക്കുന്നതിനും, തുടച്ചു നീക്കുന്നതിനും ഫലപ്രദമായി പ്രവർത്തിക്കുന്ന ഒരു പൊതുജനാരോഗ്യ സംവിധാനം അത്യാവശ്യമാണ്. ആയതിനാൽ സംസ്ഥാനത്തെ പൊതുജനാരോഗ്യ സംവിധാനം മെച്ചപ്പെടുത്തുന്നതിന്റെ ഭാഗമായി സംസ്ഥാന ആരോഗ്യ വകുപ്പിൽ പൊതുജനാരോഗ്യ വിഭാഗം (പബ്ലിക് ഹെൽത്ത് കേഡർ) എന്ന ഒരു പുതിയ വിഭാഗം കൂടെ ഉൾക്കൊളളിച്ചുകൊണ്ട് ഉത്തരവാകുന്നു.

2. ഈ വിഭാഗത്തിന്റെ കൂടുതൽ ഫലപ്രദമായ പ്രവർത്തനത്തിനായി, സംസ്ഥാന ആരോഗ്യ വകുപ്പിലെ മെഡിക്കൽ ഓഫീസർമാരുടെ, അഡ്മിനിസ്ട്രേറ്റീവ് കേഡറിനെ മെഡിക്കൽ സർവ്വീസ് കേഡർ, പൊതുജനാരോഗ്യ കേഡർ എന്നിങ്ങനെ രണ്ട് വിഭാഗമാക്കി മാറ്റുന്നതിനും ഇതിനാൽ ഉത്തരവാകുന്നു. ആരോഗ്യ വകുപ്പിലെ മെഡിക്കൽ ഓഫീസർമാരുടെ സ്പെഷ്യൽ റൂളിൽ ഇതിനനുസൃതമായി ഭേദഗതികൾ വരുത്തുന്നതാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

**രാജീവ് സദാനന്ദൻ,**

**അഡീഷണൽ ചീഫ് സെക്രട്ടറി**

ആരോഗ്യ വകുപ്പ് ഡയറക്ടർ, തിരുവനന്തപുരം.
എല്ലാ ജില്ലാ മെഡിക്കൽ ഓഫീസർമാർക്കും (ആരോഗ്യ വകുപ്പ്ഡയറക്ടർ മുഖേന )
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്), കേരളം, തിരുവനന്തപുരം.
അക്കൗണ്ടന്റ് ജനറൽ (എ & ഇ), കേരളം, തിരുവനന്തപുരം.
ധനകാര്യ വകുപ്പ്
വെബ് & ന്യൂ മീഡിയ (പ്രസിദ്ധീകരണത്തിന്)
സ്റ്റോക്ക് ഫയൽ/ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം,

സെക്ഷൻ ഓഫീസർ

True Copy
Section Officer